**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1086** **06-02-2023 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കുന്ന ജലജീവൻ മിഷന്റെ പ്രവർത്തനപുരോഗതി വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024 ഓട്ടുകൂടി ഗാർഹിക കുടിവെള്ള കണക്ഷൻ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുവാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ജല ജീവൻ മിഷൻ (JJM). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ അംഗീകൃത ഗുണനിലവാര മാനദണ്ഡങ്ങൾ ഉറപ്പാക്കിക്കൊണ്ട് പ്രതിദിന ആളോഹരി ജല ലഭ്യത ഏറ്റവും കുറഞ്ഞത് 55 ലിറ്റർ എന്ന കണക്കിൽ കുടിവെള്ളം ടാപ്പ് കണക്ഷനുകൾ വഴി ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br><br>സംസ്ഥാനത്ത് ആകെയുള്ള 70.69 ലക്ഷം ഗ്രാമീണ വീട്ടുകളിൽ, 2020 ഏപ്രിലിലെ കണക്കനുസരിച്ച് 17.5 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് (24.76%) നിലവിലുണ്ടായിരുന്നത്. ദേശീയ തലത്തിൽ 2019 ൽ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020-21 കാലയളവിലാണ്.<br><br>നിലവിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീട്ടുകൾക്കും കുടിവെള്ള കണക്ഷനുകൾ നല്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്ത് 53,34,736 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 40,203.61 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീട്ടുകൾക്കും ടാപ്പ് കണക്ഷനുകൾ വഴി കുടിവെള്ളം ലഭ്യമാകുന്നതാണ്.<br><br>ജല ജീവൻ മിഷൻ പദ്ധതിയിൽ ഏറ്റെടുത്ത പ്രവൃത്തികളിലുൾപ്പെടുത്തി 2020-21 കാലയളവിൽ |

| | | | |
|---|---|---|---|
| | | | 4.04 ലക്ഷം കുടിവെള്ളകണക്ഷനും, 2021-22 കാലയളവിൽ 6.64 ലക്ഷം കുടിവെള്ള കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ ഭാഗമായുള്ള നിയന്ത്രണവും, വെള്ളപൊക്കവും, പൈപ്പ് തുടങ്ങിയ മെറ്റീരിയൽസിന്റെ വില വർദ്ധനവും കാരണം പദ്ധതിനിർവ്വഹണത്തിൽ തടസ്സങ്ങൾ നേരിട്ടിരുന്നു. 2022-23 സാമ്പത്തികവർഷം ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ (01/02/2023 വരെ) 4.48 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br><br>ഇപ്രകാരം ജല ജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം നിലവിലെ കണക്ക് പ്രകാരം ആകെയുള്ള കണക്ഷനുകളുടെ എണ്ണം 32.66 ലക്ഷം ആയി ഉയർന്നിട്ടുണ്ട്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 46.20% ആണ്. 2024 ഓടെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുവാൻ ലക്ഷ്യമിട്ടാണ് പദ്ധതി പ്രവർത്തനം നടന്നു വരുന്നത്.<br><br>നിലവിൽ 39 പഞ്ചായത്തുകളിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഗ്രാമീണ സ്കൂളുകളിലും അങ്കണവാടികളിലും ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനക്കായി 5000 ത്തിൽ പരം കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകി പരിശോധനകൾ നടത്തി വരുന്നു. കൂടാതെ വാട്ടർ അതോറിറ്റിയുടെ 82 കുടിവെള്ള ഗുണനിലവാര പരിശോധന ലാബുകൾക്ക് NABL അംഗീകാരം ലഭിച്ചിട്ടുണ്ട്.<br><br>പദ്ധതികൾക്കാവശ്യമായ സ്ഥലം എല്ലായിടത്തും ലഭ്യമല്ലാത്തതും പദ്ധതി ഘടകങ്ങൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത്, റെയിൽവേ, നാഷണൽ ഹൈവേ അതോറിറ്റി, വനംവകുപ്പ് തുടങ്ങിയിട്ടുള്ള മറ്റ് വകുപ്പുകളിൽനിന്നും ലഭ്യമാകേണ്ട അനുമതികൾ ലഭിക്കുന്നതിലെ തടസ്സങ്ങളും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. |
| (ബി) | അപ്രകാരം ലഭിക്കുന്ന കുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും വിതരണംചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സ്റ്റേറ്റ് റെഫെറൽ ഇൻസ്റ്റിട്യൂട്ടും (എസ്.ആർ.ഐ) 14 ജില്ലാ ലാബുകളും 69 ഉപജില്ലാ ലാബുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21, 2021-22 കാലയളവിൽ |

| | | | |
|---|---|---|---|
| | | | നിലവിലുണ്ടായിരുന്ന 14 ജില്ലാ ലാബുകളുടെയും 32 ഉപജില്ലാ ലാബുകളുടെയും കൂടാതെ അധികമായി സ്ഥാപിച്ച 37 ഉപജില്ലാ ലാബുകളുടെയും നവീകരണ പ്രക്രിയ പൂർത്തിയാക്കിയിട്ടുണ്ട്. ഇവയിൽ പാലാ, കാരഡ്ക്ക എന്നീ രണ്ട് ഉപജില്ലാ ലാബുകൾ ഒഴികെ മറ്റ് എല്ലാ ലാബുകൾക്കും 2021-22 കാലയളവിൽ എൻ.എ.ബി.എൽ അക്രിഡിറ്റേഷൻ ലഭിച്ചിട്ടുള്ളതാണ്. ഈ ലാബുകളുടെ പ്രവർത്തനത്തിനാവശ്യമായ ഉയർന്ന ഗുണ നിലവാരത്തിലുള്ള ലാബ് ഉപകരണങ്ങൾ, കെമിക്കലുകൾ, ഗ്ലാസ് വെയറുകൾ എന്നിവ ലഭ്യമാക്കിയിട്ടുള്ളതാവുന്നു. കൂടാതെ കെമിസ്റ്റുമാർ അടക്കമുള്ള ജീവനക്കാരെ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനുവേണ്ടി നിയമിച്ചിട്ടുണ്ട്.<br><br>ഗ്രാമീണ മേഖലകളിൽ നിന്ന് എല്ലാ മാസവും ഓരോ ഉപജില്ലാ ലാബുകളും ഇരുന്നൂറ്റി അമ്പതോളം ജല സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധിച്ച് വരുന്നുണ്ട്. ഇതിൽ നിന്നും തിരഞ്ഞെടുക്കുന്ന സാമ്പിളുകൾ ജില്ലാ ലാബുകളിൽ പരിശോധിക്കുകയും കൂടുതൽ പരിശോധന ആവശ്യമുള്ള സാമ്പിളുകൾ നെട്ടൂരിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് റെഫെറൽ ഇൻസ്റ്റിട്യൂട്ടിൽ (എസ്.ആർ.ഐ) പരിശോധിച്ച് ഗുണ നിലവാരം ഉറപ്പ് വരുത്തുന്നുണ്ട്. ജല ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ജനകീയ പങ്കാളിത്തം ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ജല ജീവൻ മിഷന്റെ സഹായത്തോടെ ഗ്രാമീണ മേഖലകളിലുള്ള കിണർ, കുഴൽ കിണർ തുടങ്ങിയ കുടിവെള്ള സ്രോതസ്സുകളിലെ ജലം ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് കുടുംബശ്രീയുമായി സഹകരിച്ച് പരിശോധിച്ചുവരുന്നു. |
| (സി) | ജലജീവൻ മിഷന് പുറമെയുള്ള വിവിധ കുടിവെള്ള പദ്ധതികളിലെ വെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനും ശുദ്ധത ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) | കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി ജല അതോറിറ്റിയുടെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം, കുടിവെള്ള പദ്ധതികളുടെ ജല സ്രോതസ്സുകളിൽ നിന്നും, ജല ശുദ്ധീകരണ ശാലകളിൽ നിന്നും, പമ്പിങ് സ്റ്റേഷനുകളിൽ നിന്നും, വിതരണ ശൃംഗലകളിൽ നിന്നും നിശ്ചിത ഇടവേളകളിൽ ജല സാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകളിൽ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. ഇതിനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ |

| | | | |
|---|---|---|---|
| | | | ച്ചമതലപ്പെടുത്തിയിട്ടുണ്ട്. മൺസൂണിനു മുൻപും ശേഷവും കുടിവെള്ള വിതരണ പദ്ധതികളുടെ 'ഇൻടേക്ക് പോയിന്റ്' ൽ നിന്നും ജലം ശേഖരിച്ച് നെട്ടൂരിലുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പെസ്റ്റിസൈഡ് കീടനാശിനി (പെസ്റ്റിസൈഡ്) വിഭാഗത്തിൽ 7 ഘടകങ്ങളും ഘനലോഹങ്ങളുടെ (ഹെവി മെറ്റൽ )വിഭാഗത്തിൽ 11 ഘടകങ്ങളും മറ്റു വിഭാഗങ്ങളിലായി 25 ഘടകങ്ങളും കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം അറിയുന്നതിന് മൈക്രോബയോളജി ടെസ്റ്റുകളും നടത്തി വരുന്നുണ്ട്. ഭൗതിക/രാസ/ജൈവഘടകങ്ങൾ അനുവദനീയ മായ പരിധിക്കപ്പുറം വരുകയാണെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ജല ശുദ്ധീകരണ ശാലയുമായി ബന്ധപ്പെട്ട ഓഫീസുകളിൽ നിർദ്ദേശം നൽകുകയും ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ